## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2410 09-12-2014-ൽ ഇടക്കാല മറുപടി നൽകിയിരുന്നത്

### "ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം"

**ചോദ്യം:** **ഉത്തരം:**

ശ്രീ. ഇ.പി.ജയരാജൻ : ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യ വ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ സംസ്ഥാനത്തിന് വില്പന നികുതി ഇനത്തിലും എക്സൈസ് നികുതി ഇനത്തിലും പ്രതിവർഷം എത്ര മാത്രം വരുമാനക്കുറവുണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 5 സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടെ വരുമാനക്കുറവ് എക്സൈസ് വകുപ്പിനുണ്ടാകും. കൂടാതെ ടി ബാർ ലൈസൻസുകളിൽ നിന്നും പിഴ ഇനത്തിൽ ലഭിച്ചിരിക്കുന്ന വരുമാനവും ബാറുകളിലെ മദ്യവില്പനയിലൂടെയും മദ്യത്തിൽ നിന്നുള്ള എക്സൈസ് ഡ്യൂട്ടിയിനത്തിൽലഭ്യമാകുന്ന വരുമാനവും നഷ്ടമാകും. വില്പന നികുതിയിനത്തിലെ കുറവ് കണക്കാക്കിയിട്ടില്ല. |
| (ബി) | വരുമാനത്തിലുണ്ടാകുന്ന ഈ കുറവ് പരിഹരിക്കുന്നതിന് ധനവകുപ്പ് കണ്ടെത്തിയിട്ടുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (ബി) & (സി) | Kerala Taxation Laws (Amendment) Ordinance-ൽ(നമ്പർ.24/2014) 4 നികുതി നിർദ്ദേശങ്ങളാണുള്ളത്. കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ ആന്റ് വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ ആന്റ് വൈനിന്റെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും |
| (സി) | ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ നികുതി നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത നികുതി നിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്ന അധിക | | |

| | | | |
|---|---|---|---|
| | വിഭവ സമാഹരണം എത്രയാണെന്നും വ്യക്തമാക്കുമോ? | | 70 ശതമാനമായും ഉയർത്തുകയുണ്ടായി. കൂടാതെ സിഗരറ്റിന്റെ നികുതി നിരക്ക് 22 ശതമാനത്തിൽ നിന്നും 30 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ബാർതൊഴിലാളികളുടെ പുനരധിവാസത്തിനായി വിദേശ മദ്യം, ബിയർ ആന്റ് വൈൻ എന്നിവയുടെ ആദ്യ വില്പന പോയിന്റിൽ 5 ശതമാനം റിഹാബിലിറ്റേഷൻ സെസ്സും ഏർപ്പെടുത്തുകയുണ്ടായി. ഇതിലൂടെ വിദേശമദ്യത്തിൽ നിന്നും പ്രതിമാസം 75 കോടി രൂപയുടെയും, ബിയർ ആന്റ് വൈനിൽ നിന്നും പ്രതിമാസം 7.5 കോടി രൂപയുടെയും, സിഗരറ്റിൽ നിന്നും പ്രതിമാസം 20 കോടി രൂപയുടെയും അധിക വരുമാനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. റിഹാബിലിറ്റേഷൻ സെസ്സ് ഇനത്തിൽ പ്രതിമാസം 30.83 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.<br>മേൽ സൂചിപ്പിച്ചിരിക്കുന്നവ കൂടാതെ എസ്.ആർ.ഒ. 530/2014 പ്രകാരം ക്യാന്റീൻ സ്റ്റോഴ്സ് മുഖേന വിൽക്കപ്പെടുന്ന വിദേശ മദ്യത്തിന്റെ **concessional tax rate 65** ശതമാനത്തിൽ നിന്നും 70 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 40 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2664

10.12.2014- ൽ
മറുപടി നൽകേണ്ടിയിരുന്നത്.

## എം.ബി.ബി.എസ്, ബി.ഡി.എസ്, തുടങ്ങി വിവിധ മെഡിക്കൽ സീറ്റുകളിലെ ഒഴിവ്

| ചോദ്യം<br>ശ്രീ. കെ.എസ്. സലീഖ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എം.ബി.ബി.എസ് തുടങ്ങി ബി.ഡി.എസ് വരെ അതായത് അലോപ്പതി, ഹോമിയോ, ആയുർവേദം, ദന്ത ചികിത്സ തുടങ്ങി വിവിധ മേഖലയിലായി എത്ര സീറ്റുകളിൽ നിലവിൽ അഡ്മിഷൻ നൽകുവാനുള്ള സർക്കാർ നടപടിയുണ്ടായി; എത്ര സീറ്റുകളിൽ അഡ്മിഷൻ നടത്തി; എത്ര സീറ്റ് ഒഴിഞ്ഞു കിടക്കുന്നു; കോളേജുകൾ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ മെഡിക്കൽ സീറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br>(ഒഴിവു വന്ന എം.ബി.ബി.എസ്സ്/ബി.ഡി.എസ് സീറ്റുകൾ ഒഴികെ മറ്റ് സീറ്റുകൾ സ്പോട്ട് അഡ്മിഷനിലൂടെ നികത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.) |
| (ബി) എം.ബി.ബി.എസ്, ബി.ഡി.എസ്, തുടങ്ങി വിവിധ മെഡിക്കൽ മേഖലയിലുള്ള സീറ്റുകളിൽ അവസാനം വരെ സീറ്റിൽ അവകാശം സ്ഥാപിക്കുകയും ഒടുവിൽ ചേരാതിരിക്കുകയും ചെയ്ത എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു; | (ബി) അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ എം.ബി.ബി.എസ്സിന്റെ ആറ് സീറ്റുകളും ബി.ഡി.എസിന്റെ 113 സീറ്റുകളും നഷ്ടപ്പെടുത്തിയിട്ടുണ്ട്. എം.ബി.ബി.എസ്/ബി.ഡി.എസ്സ് ഒഴികെയുള്ള സീറ്റുകൾ ബന്ധപ്പെട്ട അധികാരികൾ സ്പോട്ട് അഡ്മിഷൻ മുഖാന്തിരം നികത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പോട്ട് അഡ്മിഷന് ശേഷമുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല. |
| (സി) ഇവരിൽ മറ്റു സംസ്ഥാനങ്ങൾ; വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിൽ അഡ്മിഷൻ നേടിയവർ എത്ര; | (സി) വിവരം ലഭ്യമല്ല. |

(ഡി) ഇത്തരത്തിൽ പ്രവർത്തിച്ചതിന് ഇവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കാനാവുമോ? എങ്കിൽ എന്തു ശിക്ഷാനടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ എന്തു ശിക്ഷാനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഡി) പ്രോസ്പെക്ടസസ് ക്ലോസ് 12.2.4 പ്രകാരം അനാവശ്യമായി ഓപ്ഷൻ ഫയൽ ചെയ്യുന്ന/നിലനിറുത്തുന്ന വിദ്യാർത്ഥികൾക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ അന്തിമഘട്ട അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സ്/കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുകയും എന്നാൽ പ്രവേശനം നേടാത്തതു കാരണം സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുകയും ചെയ്യുന്ന പക്ഷം, പ്രസ്തുത വിദ്യാർത്ഥികൾ പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്. എം.ബി.ബി.എസ്സ്/ബി.ഡി.എസ്സ് കോഴ്സുകളുടെ സർക്കാർ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ 10 (പത്ത്) ലക്ഷം രൂപയും മറ്റ് കോഴ്സുകളുടെ സർക്കാർ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ 50,000 രൂപയുമായിരിക്കും പിഴ. ഈ നിബന്ധനയിൽ നിന്നും വാർഷിക കുടുംബ വരുമാനത്തിന്റെയൊ സാമുദായിക സംവരണത്തിന്റെയൊ അടിസ്ഥാനത്തിൽ ആരെയും ഒഴിവാക്കിയിട്ടില്ല. കൂടാതെ, ഈ വിദ്യാർത്ഥികളുടെ പരീക്ഷാർത്ഥിത്വവും റദ്ദ് ചെയ്യുന്നതായിരിക്കും. പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും റവന്യൂറിക്കവറി പ്രകാരം പിഴ ഈടാക്കുന്നതായിരിക്കും. കൂടാതെ അത്തരം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാകമ്മീഷണർ നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയിൽ തുടർന്നുള്ള രണ്ട് വർഷത്തേക്ക് ഉൾപ്പെടുത്തുന്നതുമല്ല. മേൽ സൂചിപ്പിച്ച പ്രോസ്പെക്ടസ്സിലെ ക്ലോസ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഇത്തരത്തിൽ സീറ്റ് നഷ്ടപ്പെടുത്തിയ കുട്ടികളുടെ ഉന്നത ശ്രേണിയിലുള്ളവരും സർക്കാർ ഉദ്യോഗസ്ഥരുമായ രക്ഷാകർത്താക്കൾ ആരെല്ലാം; ഇവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കാനാവുമോ; എങ്കിൽ ഇവരിൽ ആരുടെയെല്ലാം പേരിൽ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഇത്തരത്തിൽ സീറ്റ് നഷ്ടപ്പെടുത്തിയവർക്ക് തുടർന്ന് പ്രവേശന പരീക്ഷ എഴുതുന്നതിന് അനുമതി നിഷേധിക്കുവാനും, ഫൈൻ ഉൾപ്പെടെയുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ; എങ്കിൽ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

(ഇ) പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അനുസരിച്ചുള്ള ശിക്ഷാ നടപടികൾക്ക് വിധേയമാക്കുന്നത് അപേക്ഷകനായ വിദ്യാർത്ഥി/വിദ്യാർത്ഥിനിയെ മാത്രമാണ്. രക്ഷാകർത്താക്കൾക്കെതിരെ നടപടി എടുക്കാൻ പ്രോസ്പെക്ടസ്സിൽ വ്യവസ്ഥയില്ല.

(എഫ്) പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം അനാവശ്യമായി ഓപ്ഷൻ ഫയൽ ചെയ്യുകയും/നിലനിറുത്തുകയും അതുവഴി സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുകയും ചെയ്യുന്ന വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയിൽ തുടർന്നുള്ള രണ്ട് വർഷത്തേക്ക് ഒഴിവാക്കുവാനുള്ള വ്യവസ്ഥ നിലവിലുണ്ട്. മേൽ സൂചിപ്പിച്ച പ്രോസ്പെക്ടസ്സിലെ ക്ലോസ് പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം:

| കോഴ്സുകൾ | സർക്കാർ കോളേജുകൾ | | സർക്കാർ നിയന്ത്രിത കോളേജുകൾ | | സ്വകാര്യ സ്വാശ്രയ കോളേജുകൾ | |
|---|---|---|---|---|---|---|
| | അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകൾ | അലോട്ട്മെന്റിന് ശേഷം ഒഴിഞ്ഞു കിടന്ന സീറ്റുകൾ | അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകൾ | അലോട്ട്മെന്റിന് ശേഷം ഒഴിഞ്ഞു കിടന്ന സീറ്റുകൾ | അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകൾ | അലോട്ട്മെന്റിന് ശേഷം ഒഴിഞ്ഞു കിടന്ന സീറ്റുകൾ |
| എം.ബി.ബി.എസ്സ് | 1062 | – | 50 | – | 925 | 6 |
| ബി.ഡി.എസ്സ് | 169 | 10 | – | – | 650 | 103 |
| ആയുർവേദം | 239 | 6 | – | – | 285 | 41 |
| ഹോമിയോ | 225 | 19 | – | – | – | – |
| സിദ്ധ | – | – | 25 | 10 | – | – |